(ബി) വനം, തോട്ടം മേഖലകൾ ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ചാഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ചാഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

മദ്യവർജ്ജനത്തെ സംബന്ധിച്ച നിലപാട്

118 (119) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേരള മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ചാരായ നിരോധനം കൊണ്ടുവന്നത് മദ്യ ഉപഭോഗവും മദ്യാസക്തിയും കുറയ്ക്കുന്നതിനായിരുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നാണല്ലോ കരുതിയിരുന്നത്. എന്നാൽ ആയത് പ്രായോഗികമായി വന്നില്ല എന്നാൽ കേരളത്തിൽ മദ്യാസക്തിയും ഉപഭോഗവും കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല ആയത് UDF-ന്റെ തെറ്റായ നയമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇപ്പോഴുള്ള UDF സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) നിലവിലെ നയത്തിലൂടെ ബാർ നിരോധനമാണോ അതോ മദ്യ നിരോധനമാണോ ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) മദ്യവർജ്ജനത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ബാറുകൾ മാത്രം നിരോധിച്ചുകൊണ്ടുള്ള ഒരു മദ്യ നിരോധനമല്ല സർക്കാർ ഉദ്ദേശിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന

LIBRARY ARCHIVES Kerala Legislative Assembly

മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. 1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

119 (120) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തനരീതിയും വിശദീകരിക്കുമോ ;

(സി) പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം,

LIBRARY ARCHIVES Kerala Legislative Assembly